# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3172** 14.07.2015-ൽ മറുപടിയ്ക്ക്

## ആദിവാസി കോളനികളുടെ വൈദ്യുതീകരണം

ചോദ്യം

ശ്രീ. കെ. വി. വിജയദാസ് :

(എ) വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എന്തെങ്കിലും പദ്ധതി ഇതിനായി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

താഴെ പറയുന്ന ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി എസ്. റ്റി. ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

1. ഇടുക്കി - ഒഴവാനടംകുടി, കുലമാൻ കുടി, പ്ലാമല, പട്ടായിറമ്പൻ കുടി, പടിക്കകുടി, പുതുക്കുടി, തലയിറപ്പൻ കുടി, മൈനപ്പാറ, കൊച്ചുകുടക്കൽ - പണി പുരോഗമിക്കുന്നു.

2. തൊടുപുഴ - ഇടമലക്കുടി കോളനി — ജോലി ആരംഭിച്ചിട്ടില്ല.

3. തിരുവനന്തപുരം — മേലേ അമല, താഴേ അമല, പത്തായം വച്ചാപ്പ്, ആയിരംകൽ - ജോലി ആരംഭിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ പോങ്ങിൻചുവട്, ഇടുക്കി എന്നീ ആദിവാസി കോളനികളുടെ വൈദ്യുതീകരണം എസ്. റ്റി. ഡിപ്പാർട്ട്മെന്റിന്റെ 9.06.2015-ലെ മീറ്റിംഗിൽ പരിഗണിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ചാവടിപ്പാറ, വരാൾപ്പതി എന്നീ ആദിവാസി കോളനികൾ വനമേഖലയായതിനാൽ കേരളത്തിലെ വൈദ്യുത ഗ്രിഡുമായി ബന്ധിപ്പിക്കാവുന്നവയല്ല. എന്നാൽ തമിഴ്നാട് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്നവയാണ്. അതിനാൽ തമിഴ്നാട്ടിലെ വിതരണ കമ്പനിയായ "ടാൻ ജെഡ്കോ"- യുമായി ബന്ധപ്പെട്ട് ഈ കോളനികൾ വൈദ്യുതീകരിക്കുന്നതിന് നടപടി എടുത്തു വരുന്നു.

പാലക്കാട് ജില്ലയിലെ 15 കോളനികളിൽ 531.83 ലക്ഷം രൂപ ചെലവിൽ 131.5 KW സ്ഥാപിത ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനായി ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 കോളനികളിലേയ്ക്കുള്ള പദ്ധതി നിർവ്വഹണത്തിനായുള്ള വർക്ക്ഓർഡർ നൽകിയിട്ടുണ്ട്. ഇത് 2015 ഡിസംബറോടു കൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് 10 കോളനികളിലേയ്ക്കുള്ള പുന:ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | കോങ്ങാട് മണ്ഡലത്തിലുൾപ്പെട്ട കുന്തിപ്പുഴ, തച്ചമ്പാറ, കരിമ്പ എന്നീ പഞ്ചായത്തുകളിലെ ആദി വാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരി ക്കുമോ ; എങ്കിൽ ഇതിനാവശ്യ മായ നിർദ്ദേശം നൽകുമോ ? | (ബി) | തച്ചമ്പാറ, കരിമ്പ പഞ്ചായത്തുകളിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് ഡി.ഡി.യു.ജി.ജെ.വൈ - പദ്ധതിയിൽ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.